# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല
## മിനിറ്റ്സ്, 92-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം

തീയ്യതി : 26 നവംബർ **2025**, സമയം : രാവിലെ **11.15** മണി
വേദി: കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്.
(ഫയൽ നമ്പർ: KVASU/GA/B1/6560/2025)

*ഹാജരായ അംഗങ്ങൾ:*

1. ഡോ. അനിൽ. കെ.എസ്. വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) - *അധ്യക്ഷൻ*
2. ശ്രീ. സച്ചിൻദേവ്. കെ. എം. - എം.എൽ.എ. *(തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)*
3. ഡോ. ബിപിൻ. കെ.സി. *(തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)*
4. ഡോ. ശ്രീരഞ്ജിനി. എ.ആർ. *(തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)*
5. ശ്രീ. സന്തോഷ്. സി.ആർ. *(തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)*
6. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - *മെമ്പർ സെക്രട്ടറി*

യോഗം 11.15 മണിക്ക് ആരംഭിച്ചു. അധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

- സർവകലാശാലയുടെ മണ്ണുത്തിയിലെ പിഗ് ഫാമിൽ ആഫ്രിക്കൻ പന്നിപ്പനി പടർന്ന സാഹചര്യത്തിൽ ഫാം അടക്കേണ്ടി വന്നതായി ചെയർപേഴ്സൺ അറിയിച്ചു.

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 20-09-2025-ന് നടന്ന 91-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | ചുവടെ പറയുന്ന ചർച്ചകളോടെ 91-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു.<br>**ഇനം: 3.7**<br>ഡോ. എം. കെ. നാരായണൻ, ഡോ. ആർ. കാന്തനാഥൻ എന്നിവരെ ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങൾ ഹിയറിംഗ് നടത്തണമെന്ന് ബഹു. അംഗം ശ്രീ.സന്തോഷ് സി .ആർ അറിയിച്ചു. |

(ഒപ്പ്)

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ**
**(അധ്യക്ഷൻ)**

| | | |
|---|---|---|
| | | ബോർഡ് ഓഫ് മാനേജ്മെന്റ് ഇതുവരെ ഇവരെ ഹിയറിംഗ് നടത്തിയിട്ടില്ലെന്ന് ബഹു.അംഗം ഡോ.ബിപിൻ കെ സി അറിയിച്ചു. ആയത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.<br><br>കമ്മിറ്റി ഇവരെ അടിയന്തരമായി കേൾക്കേണ്ടതും ഒരു റിപ്പോർട്ട് തയ്യാറാക്കണമെന്നും ബഹു. അംഗം ശ്രീ.സച്ചിൻ ദേവ് എം.എൽ.എ ആവശ്യപ്പെട്ടു.<br><br>ഡോ. എം. കെ. നാരായണൻ, ഡോ. ആർ. കാന്തനാഥൻ എന്നിവർ ബഹു. ചാൻസലർക്ക് അപ്പീൽ നല്കിയതിനാലാണ് ഹിയറിംഗ് നടത്താതിരുന്നതെന്ന് ചെയർ അറിയിച്ചു. എങ്കിലും അംഗങ്ങളുടെ ആവശ്യം മാനിച്ച് ഹിയറിംഗ് നടത്തുന്നതിന് തീരുമാനിച്ചു.<br><br>ശ്രീ.സന്തോഷ് സി.ആർ, ഡോ. ബിപിൻ കെ സി - എന്നിവർ ഹിയറിംഗ് നടത്തുന്നതിനും റിപ്പോർട്ട് 2026 ജനുവരി 15 ന് മുൻപ് സമർപ്പിക്കുന്നതിനും തീരുമാനിച്ചു. പ്രസ്തുത റിപ്പോർട്ട് പിന്നീട് വരുന്ന ഭരണ സമിതി യോഗത്തിന് സമർപ്പിക്കേണ്ടതുമാണ്.<br>*നടപടി: രജിസ്ട്രാർ*<br>**ഇനം: OA - 2**<br>നിലവിൽ വിരമിച്ച/ വിരമിക്കുന്ന ജീവനക്കാർക്ക് DCRG എങ്ങിനെയാണ് നൽകുന്നതെന്ന് അറിയിക്കണമെന്ന് ഡോ. ശ്രീരഞ്ജിനി ആവശ്യപ്പെട്ടു.<br>സേവനത്തിൽ നിന്നും വിരമിച്ച/ വിരമിക്കുന്ന ജീവനക്കാർക്ക് സീനിയോറിറ്റി പരിഗണിക്കാതെ ഡി. സി. ആർ. ജി പകുതിയാണ് നൽകുന്നതെന്നും ആയതു നൽകുന്നതിനുണ്ടായ സാഹചര്യം ചെയർ വിശദീകരിക്കുകയും ചെയ്തു. ഇനി സീനിയോറിറ്റി അനുസരിച്ച് കമ്യൂട്ടേഷൻ മാത്രം അനുവദിക്കുന്നതിനും ആയതിന് ശേഷം |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | | |
|---|---|---|
| | | ടെർമിനൽ സറണ്ടർ അനുവദിക്കുന്നതാണ് ഉചിതമെന്ന് ചെയർ അറിയിച്ചു. ആയതിന് അംഗീകാരം നൽകി.<br>നടപടി: ഫിനാൻസ് ഓഫീസർ |
| 1.2 | 27-08-2025-ന് നടന്ന 90-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് (എ.ടി.ആർ.) | അംഗീകരിച്ചു. |
| 1.3 | KVASU -GA- Permission granted to teachers to visit abroad on personal purpose-Reporting-reg. | Approved<br><br>*Action: Registrar* |
| 2.1 | KVASU/DAR/Acad/A2/3678/2025<br>DAR - Academic Programmes– Approval of result – Reg.. | Approved & Recommended to MC<br><br>*Action: DAR* |
| 2.2 | KVASU/DAR/R2-694/2012<br>കെ.വി.എ.എസ്.യു–ഡി.എ.ആർ– വെറ്ററിനറി ഹോസ്പിറ്റൽ കൊക്കാലയിൽ പെറ്റ് ഗ്രൂമിംഗ് സെന്റർ തുടങ്ങുന്നത്–സംബന്ധിച്ച്. | പെറ്റ് ഗ്രൂമിങ് സെന്റർ & ഗ്രൂമിങ് ട്രെയിനിങ് കോഴ്സ് എന്നിവ റിവോൾവിങ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനും ആയതിന്റെ ഗുണങ്ങളും ദോഷങ്ങളും അടക്കം വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.<br>*നടപടി :- ഡി.എ.ആർ* |
| 2.3 | KVASU/DAR/R2-15394/2017<br>Revolving Fund Poultry Projects– Feed Mills at ARS Thiruvazhamkunnu, SANFT Mannuthy and CASPS Mannuthy– Permission to purchase feedingredients/supplements/additives required for feed production through e-tender for a period of six months–Reg. | Permitted<br><br>The revolving fund units are located in different geographical location and in mannuthy campus, the ingredients to be purchased are different in both units. Hence centralized tender process price need not be considered. Separate e – tender process are allowed.<br><br>*Action: DAR* |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അധ്യക്ഷൻ)**

| | | |
|---|---|---|
| 2.4 | KVASU/DAR/E3/3257/2025<br>കെ.വി.എ.എസ്.യു–ഡി.എ.ആർ – സർവകലാശാലയുടെ അഞ്ചാമത് ബിരുദദാന ചടങ്ങ് നടത്തുന്നത് - സംബന്ധിച്ച്. | അനുമതി നൽകി.<br><br>ബിരുദദാന ചടങ്ങിൽ ബഹു. പ്രൊ-ചാൻസലറെ കൂടി ഉൾപ്പെടുത്തുന്നതിന് സാധ്യമായ നടപടികൾ സ്വീകരിക്കുവാനും, ബഹു. പ്രോ- ചാൻസലറെ നേരിട്ട് കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ചെയർ അറിയിച്ചു.<br>*നടപടി :- ഡി.എ.ആർ* |
| 3.1 | KVASU/GA/A1/4671/2024<br>കെ വി എ എസ് യു - പൊതുഭരണം- സർവകലാശാലയിലെ വിവിധ അക്കാദമിക് വിഭാഗങ്ങളുടെ, വകുപ്പ് മേധാവികളെ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ - നടപ്പാക്കുന്നത് സംബന്ധിച്ച്. | അംഗീകരിച്ചു.<br>മാർഗനിർദ്ദേശത്തിൽ 13 ചുവടെ കൊടുത്ത രീതിയിൽ modify ചെയ്യുന്നതിന് തീരുമാനിച്ചു.<br>"A person appointed as HoD for a period of three years has no protection for not being transferred if his/her transfer is due as per University transfer norms."<br><br>*നടപടി :- രജിസ്ട്രാർ* |
| 3.2 | KVASU/GA/A3/304/2022<br>കെ.വി.എ.എസ്.യു - പൊതുഭരണം - ശമ്പള കമ്മീഷൻ ശുപാർശ പ്രകാരം സർവകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തുന്നത് - ഗവ നിർദേശം നടപ്പാക്കുന്നത് സംബന്ധിച്ച്. | മാതൃക പെരുമാറ്റ ചട്ടം നിലനില്ക്കുന്നതിനാൽ മാറ്റിവച്ചു.<br><br>*നടപടി :- രജിസ്ട്രാർ* |
| 3.3 | KVASU/GA/C1/6805/2025<br>കെ.വി.എ.എസ്.യു- പൊതുഭരണം- സർവ്വകലാശാലയിൽ ജോലിയിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരുടെ കുടുംബത്തിന് ഒരു നിശ്ചിത തുക നൽകുന്നത്- പ്രൊപ്പോസൽ ഭരണസമിതി മുമ്പാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്:- | പ്രൊപോസൽ അംഗീകരിക്കുന്നില്ല. സർവകലാശാല സ്ഥിരം/താൽക്കാലിക ജീവനക്കാർ ജോലിയിലിരിക്കെ മരണപ്പെടുമ്പോൾ മാത്രം ജീവനക്കാരന്റെ കുടുംബത്തിന് നിശ്ചിത തുക നൽകുന്നതിനായി സർവകലാശാല ജീവനക്കാരുടെ കയ്യിൽ നിന്നും ആ ഒരു മാസം മാത്രം താഴെ കൊടുത്തിരിക്കുന്ന രീതിയിൽ തുക നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചു കൊണ്ട് സമ്മതപത്രം വാങ്ങുന്നതിന് തീരുമാനിച്ചു. |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | | |
|---|---|---|
| | | <table><tr><td>ഗസറ്റഡ്</td><td>500 രൂപ</td></tr><tr><td>നോൺ ഗാസറ്റെഡ്</td><td>300 രൂപ</td></tr><tr><td>തൊഴിലാളികൾ</td><td>250 രൂപ</td></tr><tr><td>ദിവസ വേതനം</td><td>150 രൂപ</td></tr></table> മുകളിൽ പറഞ്ഞ തീരുമാനപ്രകാരം ശമ്പളത്തിൽ നിന്നും Auto Deduct ചെയ്യുന്നതിനായി ജീവനക്കാരിൽ നിന്നും (താൽക്കാലികം/ സ്ഥിരം) സമ്മതപത്രം അതാത് ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.<br><br>*നടപടി : രജിസ്ട്രാർ* |
| 3.4 | KVASU/GA/C2/2935/2024<br>കെ.വി.എ.എസ്.യു- പൊതുഭരണം - തിരുവാഴാംകുന്ന് സ്റ്റേഷനിൽ ലേലക്കാരൻ അനധികൃതമായി മരം മുറിച്ചു കടത്തിയ പോലീസ് കേസിൽ മണ്ണാർക്കാട് ജില്ലാ മജിസ്ട്രേറ്റ് കോടതിയിൽ ഫാം മേധാവിക്ക് വേണ്ടി ഹാജരായ അഡ്വ. എൻ രാജേഷിന് വക്കീൽ ഫീസും കേസ് ചിലവുകളും ഉൾപ്പടെ 25000/- രൂപ അനുവദിച്ച നടപടി- സാധൂകരണത്തിനായി റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. | സാധൂകരിച്ചു.<br><br>തിരുവാഴാംകുന്ന് സ്റ്റേഷനിലെ പിടിച്ചെടുത്ത മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് LRS മേധാവിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ആയതിന്റെ റിപ്പോർട്ട് അടുത്ത ഭരണസമിതിയിൽ റിപ്പോർട്ട് ചെയ്യുന്നതിനും തീരുമാനിച്ചു.<br><br>*നടപടി : രജിസ്ട്രാർ* |
| 3.5 | KVASU/GA/LO/2611/2025<br>കെ.വി.എ.എസ്.യു - പൊതുഭരണം- തൊഴിലാളി വിഭാഗം - സർവ്വകലാശാല നടത്തുന്ന ഡിപ്ലോമ ഇൻ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സ് പഠിക്കുന്ന ആവശ്യത്തിനായി വിവിധ സ്റ്റേഷനുകളിൽ നിന്നും വിടുതൽ ചെയ്ത സ്ഥിരം തൊഴിലാളികൾക്ക് ശൂന്യവേതന അവധി അനുവദിച്ച നടപടികൾക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച് | സാധൂകരണം നൽകി.<br><br>അജണ്ടയിൽ ഉൾപ്പെടുത്താത്ത ശേഷിക്കുന്ന 3 പേർക്ക് കൂടി ശൂന്യവേതനാവധി അനുവദിച്ച നടപടികൾക്കും സാധൂകരണം നൽകാൻ തീരുമാനിച്ചു.<br><br>*നടപടി : രജിസ്ട്രാർ/ലേബർ ഓഫീസർ* |

(ഒപ്പ്)

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**

| | | |
|---|---|---|
| 3.6 | KVASU/GA/LO/4752/2025<br>കെ.വി.എ.എസ്.യു. - പൊതുഭരണം - തൊഴിലാളി വിഭാഗം - സർവ്വകലാ ശാലയുടെ എൽ.ആർ. എസ്., തിരുവിഴാംകുന്ന് സ്റ്റേഷനിലെ സ്ഥിരം തൊഴിലാളി യായ ശ്രീ.സിറാജ് പി.,-യ്ക്ക് സൗദി അറേബ്യ സന്ദർശിച്ച് ജോലി കണ്ടെത്തുന്ന ആവശ്യത്തി നായി 01.09.2025 മുതൽ 01.01.2027 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അല്ലാതെയുള്ള ശൂന്യ വേതന അവധി അനുവദിച്ച നടപടിക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച് :- | സാധൂകരിച്ചു.<br><br>*നടപടി : രജിസ്ട്രാർ* |
| 3.7 | KVASU/GA/B1/187/2023<br>കെ.വി.എ.എസ്.യു. - പൊതുഭരണം വാർഷിക കണക്കുകൾ സർക്കാരിൽ സമർപ്പിക്കുന്നതിനായി കാലപരിധി നിശ്ചയിച്ച് സർവകലാശാല ആക്ട് സെക്ഷൻ 44 (3) ഭേദഗതി ചെയ്തത് - വീണ്ടും ഭേദഗതി ചെയ്യുന്നത് – സംബന്ധിച്ച്. | മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന തിനാൽ മാറ്റിവച്ചു.<br><br>*നടപടി : രജിസ്ട്രാർ* |
| 3.8 | KVASU/GA/A5/6804/2025<br>കെ.വി.എ.എസ്.യു.- പൊതുഭരണം- സർവ്വകലാശാലയിൽ ടീച്ചിംഗ് അസിസ്റ്റന്റുമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾക്ക് ഏകരൂപം ഉണ്ടാക്കുന്നതിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്. | ചുവടെ കൊടുത്തിരിക്കുന്ന മാറ്റങ്ങളോടെ പ്രൊപോസൽ അംഗീകരിച്ചു.<br><br>1. SL.No:4 modified as follows.<br><br>Qualification for TA shall be as per the qualifications prescribed for that post in the statute/ as per UGC regulation. In the absence of such candidates, candidates with a master's degree in the concerned discipline can also be considered |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**

| | | |
|---|---|---|
| | | after getting approval from the Registry.<br>2. The following added in SL.No.7 :- "and may be revised as per the latest orders from higher education department<br>3. SL.No.9 deleted.<br>4. SL.No.11 : Modified as follows<br>An experience certificate may be issued upon successful completion of contract period, clearly stating the service conditions (may be drafted from Registry in consultation with law officer).<br>*നടപടി : രജിസ്ട്രാർ* |
| 4.1 | KVASU/DoE/A1/62/2023<br>കെ.വി.എ.എസ്.യു -ഡി ഇ - ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററിൽ ഇൻകുബേഷൻ ഫെസിലിറ്റേഷന്റെ ഭാഗമായി വാടക നിരക്കുകൾ നിർണ്ണയിക്കുന്നത് – സംബന്ധിച്ച്. | യൂണിറ്റ് & നിരക്കുകൾ തമ്മിലും വിദ്യാർത്ഥികളിൽ നിന്നും വിദ്യാർത്ഥികൾ അല്ലാത്തവരിൽ നിന്നും തുക വാങ്ങിക്കുന്നതിലും പൊരുത്തക്കേടുള്ളതിനാൽ പ്രൊപോസൽ പരിഷ്കരിച്ച് വ്യക്തത വരുത്തി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.<br>*നടപടി: ഡി ഇ* |
| 4.2 | KVASU/DoE/A1/62/2023<br>കെ.വി.എ.എസ്.യു- ഡി.ഇ- കൺസൾട്ടൻസി പദ്ധതികളുടെ മാർഗ്ഗനിർദേശങ്ങളിൽ ഭേദഗതി വരുത്തുന്നത് – സംബന്ധിച്ച്. | 1.അനുമതി നൽകി<br>2.അനുമതി നൽകി<br>3 .സാധൂകരണം നൽകി<br>യൂണിവേഴ്സിറ്റി കൺസൾട്ടൻസി കമ്മിറ്റി (UCC) അംഗീകരിക്കുന്ന പ്രൊപ്പോസലുകൾക്ക് പുറമെ ടെക്നോളജി ട്രാൻസ്ഫറും ബഹു. |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അദ്ധ്യക്ഷൻ)

| | | |
|---|---|---|
| | | വൈസ് ചാൻസലറുടെ പരിഗണനയും അംഗീകാരവും ലഭിച്ച ശേഷം നടപ്പിലാക്കേ ണ്ടതാണ്. എല്ലാ 4 മാസം കൂടുമ്പോഴും UCC കൂടേണ്ടതും പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ട തുമാണ്.<br><br>*നടപടി: ഡി ഇ* |
| 6.1 | KVASU/FW/AC2/5391/2024<br>കെ.വി.എ.എസ്.യു- ധനകാര്യ വിഭാഗം- ഭരണസമിതിയുടെ ഈ യോഗത്തിൽ സർവകലാശാലയുടെ വിവിധ സ്റ്റേഷനുകളുടെ ആർ.എഫ് പ്രോജക്ടുകളുടെ ജി.എസ്.ടി/ആദായ നികുതി റിട്ടേൺ, PAN രജിസ്ട്രേഷൻ എടുത്തിട്ടുള്ള സർവകലാശാലയുടെ വിവിധ സ്റ്റേഷനുകളുടെ വാർഷിക ആദായ നികുതി റിട്ടേൺ, സർവകലാശാലയിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ വാർഷിക ആദായനികുതി റിട്ടേൺ എന്നിവ ഫയൽ ചെയ്യുന്നതിനായി ഒരു ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നത്- സംബന്ധിച്ച്- | 1. അനുമതി നൽകി<br>2. സാധൂകരണം നൽകി<br>3. മേൽ വിഷയത്തിലെ ബുദ്ധിമുട്ട് കാലങ്ങളായി അധ്യാപകർ പ്രത്യകിച്ച് റിവോൾവിങ് ഫണ്ട് കൈകാര്യം ചെയ്യുന്നവർ ഉയർത്തി വരുന്നതാണെന്നും എന്നാൽ സർവകലാശാല ഫിനാൻസ് ഓഫീസർ ഇവിടുത്തെ ജീവനക്കാർക്ക് ട്രെയിനിങ് നൽകിയിട്ടുണ്ടെന്നും ആയതിനാൽ അവർ ചെയ്യുമെന്ന് പലതവണ പറഞ്ഞിട്ടുള്ളതായി ബഹു.അംഗം ഡോ. ബിപിൻ കെ സി അറിയിച്ചു. ആയതിൽ ബഹു. അംഗം അതൃപ്തി രേഖപ്പെടുത്തി. സർവ്വകലാശാലയ്ക്ക് സ്വയം തീരുമാനമെടുക്കാം എന്ന സർക്കാരിൽ നിന്നും വന്ന മറുപടിയുടെ അടിസ്ഥാനത്തിലാണ് അജണ്ട സമർപ്പിച്ചിട്ടുള്ളതെന്ന് ചെയർ അറിയിക്കുകയും ചെയ്തു.<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| **ഇനം നമ്പർ** | **വിഷയം** | **തീരുമാനം** |
| OA: 1 | KVASU /FW/Funds_1/8695/2025<br>കെ.വി.എ.എസ്.യു - ധനകാര്യ വിഭാഗം -സർക്കാർ ഉത്തരവ് പ്രകാരം സർവകലാശാലാ ജീവനക്കാരുടെ ക്ഷാമബത്ത, വിരമിച്ച ജീവനക്കാരുടെ ക്ഷാമാശ്വാസം എന്നിവ വർദ്ധിപ്പിച്ച നടപടി സാധൂകരിക്കുന്നത് – സംബന്ധിച്ച് | സാധൂകരിച്ചു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അധ്യക്ഷൻ)**

| | | |
|---|---|---|
| OA: 2 | KVASU/DAR/R2/3760/2025<br>General Financial Rules(GFR) 2017-Amendments issued by the Ministry of Finance-Applicability to KVASU as an ICAR-Affiliated University-Submission of Matter raised by BoM Member Dr. Bipin K C-Reg | 1. Approved to adopt amended provisions of GFR 2017.<br>2,3,4 approved<br>*Action: DAR* |
| OA: 3 | KVASU /FW/AC2/9490/2025<br>ധനകാര്യ വിഭാഗം -RIDF,EFC ഗ്രാന്റ് ഇനത്തിൽ മിച്ചമുള്ള തുക വിനിയോഗിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കുന്നതിന്-ഭരണ സമിതി യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കുന്നത്-സംബന്ധിച്ച് | അനുമതി നൽകി<br>*നടപടി: ഫിനാൻസ് ഓഫീസർ* |
| OA: 4 | KVASU/DAR/ACAD/A2/3678/2025<br>KVASU-DAR-Academic Programme-Approval of result-reg. | Approved & recommended to mc<br>*Action: DAR* |

**അജണ്ടാക്കുറിപ്പുകൾക്ക് പുറമേയുളള ചർച്ചകളും തീരുമാനങ്ങളും:**

1. KVASU/GA/A1/6715/2017 dated 17/05/2024 ലെ സർവകലാശാല ഉത്തരവ് പരിഷ്കരിക്കണമെന്ന് അംഗങ്ങളായ ഡോ. ബിപിൻ കെ സി, ഡോ. ശ്രീരഞ്ജിനി. എ. ആർ എന്നിവർ ആവശ്യപ്പെട്ടു. ഉത്തരവ് പരിഷ്കരിച്ച് പുറപ്പെടുവിക്കുന്നതാണെന്ന് ചെയർ അറിയിച്ചു.
   *നടപടി: രജിസ്ട്രാർ*
2. സർവകലാശാലയിലെ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുമായി പൂക്കോട് ക്യാമ്പസ്സിൽ ഇൻഡോർ ഷട്ടിൽ കോർട്ട് പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ബഹു. അംഗം ശ്രീ.സന്തോഷ് സി ആർ. അറിയിച്ചു. ഫണ്ടിന്റെ സ്രോതസ്സ് ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തേടാൻ തീരുമാനിച്ചു.
   *നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീർ / രജിസ്ട്രാർ*

രജിസ്ട്രാർ, അധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 1.00 മണിക്ക് അവസാനിക്കുകയും ചെയ്തു.

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**
*(19/12/2025 തീയതിയിൽ അംഗീകരിച്ചു)*